## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2186** **13.06.2019 – ൽ മറുപടിക്ക്.**

## വാതിൽപ്പടി വിതരണത്തിൽ ഇലക്ട്രോണിക് മെഷീനുകളിലെ കൃത്രിമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ സംവിധാനം സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതി പരിഹരിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; | (എ) | റേഷൻ സംവിധാനം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് നേരിട്ട് താലൂക്ക് സപ്ലൈ ഓഫീസ്, ജില്ലാ സപ്ലൈ ഓഫീസ്, സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്, സർക്കാർ എന്നിവിടങ്ങളിൽ പരാതി നൽകാവുന്നതാണ്. pg.civilsupplieskerala.gov.in എന്ന പോർട്ടൽ മുഖേന ഓൺലൈനായും 1967 എന്ന ടോൾ ഫ്രീ നമ്പരിലൂടെയും കാൾസെന്റർ സംവിധാനത്തിലൂടെയും മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനത്തിലൂടെയും പരാതി നൽകാവുന്നതാണ്. |
| (ബി) | മൊത്തവിതരണ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്ക് സാധനങ്ങൾ കൊണ്ടുപോകുമ്പോഴും വാതിൽപ്പടി വിതരണത്തിനായി കടകളിൽ എത്തിച്ച് തൂക്കി നൽകുമ്പോഴും ഇലക്ട്രോണിക് മെഷീനുകളിൽ കൃത്രിമം കാണിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | വാതിൽപ്പടി വിതരണം നടത്തുമ്പോൾ കൃത്യമായ തൂക്കം ലഭിക്കാറില്ല എന്ന് റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 04/2019 മുതൽ എല്ലാ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാരും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസറിൽ നിന്നും എല്ലാ റേഷൻകടകളിലും തൂക്കം ബോധ്യപ്പെടുത്തിയാണ് വാതിൽപ്പടി വിതരണം നടത്തിയത് എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ അവർക്കുള്ള പ്രതിഫലം നൽകാവൂ എന്ന് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകണമെന്ന് സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | റേഷൻകട ഉടമകളുടെ ഇതു സംബന്ധിച്ച പരാതി അന്വേഷിച്ചിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; | | |

| | | | |
|---|---|---|---|
| (ഡി) | റേഷൻ കടകളിൽ നിന്നും ഉപഭോക്താക്കൾക്ക് സാധനങ്ങൾ കൃത്യമായി തൂക്കി നൽകിയെന്ന് ഉറപ്പുവരുത്തുവാൻ ഇ-പോസ് മെഷീനുകളെ അളവ് യന്ത്രങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ; | (ഡി) യും (ഇ) യും | ഉണ്ട്. ഇ-പോസ് മെഷീനുകളെ അളവ് യന്ത്രങ്ങളുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച Request for Proposal (RFP) അംഗീകരിച്ചിട്ടുണ്ട്. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | എങ്കിൽ ഈ സംവിധാനം എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ